**Desabhimani**

**15 July 2018**

**Thiruvananthapuram, Chance of Heavy Rain**

# ചിലയിടങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യത

**തിരുവനന്തപുരം**

കേരളത്തിലും ലക്ഷദ്വീപിലും തിങ്കളാഴ്ച രാവിലെ വരെ മഴ ലഭിക്കും. ചിലയിടങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യത. തെക്കൻകേരളത്തിൽ മഴ കുറയാനും സാധ്യതയുണ്ട്. ഒഡീഷ-ആന്ധ്രതീരത്തും ബംഗാൾ ഉൾക്കടലിലുമായി രൂപപ്പെട്ടിരിക്കുന്ന അതിശക്തമായ അന്തരീക്ഷച്ചുഴിയും മധ്യ ഇന്ത്യയിൽ നിലനിൽക്കുന്ന ന്യൂനമർദമേഖലയും വരുംദിവസങ്ങളിൽ കാലവർഷത്തെ ശക്തിപ്പെടുത്തിയേക്കുമെന്ന് കാലാവസ്ഥാവകുപ്പ് അറിയിച്ചു.